**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1051** **15-10-2026-ൽ മറുപടിയ്ക്ക്**

**റോഡുകളുടെ പരിപാലനവും ഗുണനിലവാരവും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഉല്ലാസ് കോവൂർ
ശ്രീ. വിഷ്ണു മോഹൻ
ശ്രീ. വി. കുഞ്ഞികൃഷ്ണൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ പ്രധാന റോഡുകളുടെയും ഉപറോഡുകളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാനുവലിൽ നിർദ്ദേശിച്ചിരിക്കുന്നതിൻ പ്രകാരം നിർമ്മാണ പ്രവർത്തികൾക്ക് 3 തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. പ്രവൃത്തി നടക്കുന്ന സമയത്ത് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കരാറുകാരൻ നടത്തുന്നതാണ് ഒന്നാം ഘട്ടം (1st Tier). വകുപ്പിലെ ക്വാളിറ്റി കൺട്രോൾ വിഭാഗം നേരിട്ട് നടത്തുന്നതാണ് രണ്ടാം ഘട്ടം (2nd Tier). ഒന്നും രണ്ടും ഘട്ടങ്ങളിലെ പരിശോധനാഫലങ്ങളിൽ വ്യത്യാസമുണ്ടായാൽ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം ഒരു അംഗീകൃത ലാബ് വഴി മൂന്നാംകക്ഷി (3rd Tier) പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കും. സംസ്ഥാനത്ത് 3 റീജ്യനൽ ലാബുകളും 11 ജില്ലാ ലാബുകളും നിലവിലുണ്ട്. എല്ലാ നിർമ്മാണ പ്രവൃത്തികളും യഥാസമയം ജില്ലാ ലാബുകളെ അറിയിക്കണമെന്ന് നിർദ്ദേശമുണ്ട്. സൈറ്റുകളിൽ നേരിട്ടെത്തി മിന്നൽ പരിശോധനകൾ നടത്തുന്നതിനായി 3 അത്യാധുനിക മൊബൈൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ബിറ്റുമിന്റെ അളവ് പരിശോധിക്കാനുള്ള ബിറ്റുമിൻ എക്സ്ട്രാക്ടർ, റോഡിന്റെ കനം അളക്കുന്ന കോർ കട്ടർ, സീവ് ഷേക്കർ, ഹോട്ട് എയർ ഓവൻ എന്നിവ ഇതിലുണ്ട്. നിർമ്മാണത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ഗുണമേന്മ ഉറപ്പാക്കാൻ pH മൂല്യവും ക്ലോറൈഡ് സാന്ദ്രതയും അളക്കാൻ കഴിയുന്ന വാട്ടർ ക്വാളിറ്റി അനലൈസറും ഈ മൊബൈൽ ലാബുകളിൽ സജ്ജീകരിച്ചിരിക്കുന്നു.

**(ബി)** കരാർ കാലാവധി തീരുന്നതിന് മുമ്പ് തകരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ കരാറുകാരുടെ ചെലവിൽ തന്നെ നടപ്പാക്കുന്നത് കർശനമാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

**മറുപടി:** നിശ്ചിത കാലാവധിക്ക് മുമ്പ് റോഡുകൾക്ക് നാശനഷ്ടം ഉണ്ടാവുകയോ വൈകല്യം കണ്ടെത്തുകയോ ചെയ്യുന്ന പക്ഷം നിലവിലുള്ള കരാറുകാരനെ കൊണ്ട് തന്നെ ചെയ്യിക്കുന്നതിന് SBD clause No.46 പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്.

**(സി)** നബാർഡ് സഹായത്തോടെയോ മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയോ ഗ്രാമീണ മേഖലകളിൽ റോഡുകൾ നവീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**മറുപടി:** നബാർഡ് ധനസഹായത്തോടെ റോഡ് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 31 റോഡ് പദ്ധതികളിൽ 25 പദ്ധതികൾ പൂർത്തീകരിക്കുകയും 6 പദ്ധതികൾ നിലവിൽ നടപ്പിലാക്കിവരികയും ചെയ്യുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ നമ്പർ | ജില്ല | പൂർത്തിയായ പ്രവൃത്തികളുടെ എണ്ണം | പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 5 | 0 |
| 2 | കൊല്ലം | 2 | 0 |
| 3 | പത്തനംതിട്ട | 1 | 1 |
| 4 | കോട്ടയം | 2 | 1 |
| 5 | എറണാകുളം | 1 | 1 |
| 6 | തൃശ്ശൂർ | 3 | 0 |
| 7 | പാലക്കാട് | 2 | 1 |
| 8 | കോഴിക്കോട് | 4 | 0 |
| 9 | മലപ്പുറം | 1 | 1 |
| 10 | കണ്ണൂർ | 2 | 1 |
| 11 | കാസർഗോഡ് | 2 | 0 |
| | ആകെ | 25 | 6 |

ചീഫ് എഞ്ചിനീയർ